പൊതുവിദ്യാഭ്യാസ വകുപ്പ്
സമഗ്ര ശിക്ഷാ കേരളം

കണ്ണൂർ

ഗുണമേന്മാ പ്രവർത്തനപദ്ധതി - മാതൃകാ ചോദ്യങ്ങൾ

ക്ലാസ്-6

# ENGLISH

**I. Read the poem carefully:**

**MY TREE**

O tree, so big and stout and strong,
You've lived so very, very long;
A hundred years or more,
I'm told And yet you're not so very old.
A hundred secrets you could tell
Of children whom you love so well,
Who came and sat beneath your shade
Or underneath your branches played.
A hundred birds have built their nest;
Your leaves have softly kissed their breasts;
Your branches seem to touch the sky,
Yet you were once as small as I.
Some day when I have grown up, too,
I'm coming back to visit you;
And changed though other things will be, I'll find the same dear friendly tree.

-Garnet Engle

**Choose the option you consider the most appropriate.**

**1)**The speaker in the poem is____

a)a child

b)a gardener

c)an old man

d)a bird

**2)**The poet believes the tree knows children's secrets because____

a)trees can keep secrets

b)they used to play under it

c)trees can remember things

d)they loved him so much

**3)"**Yet you were once as small as I" (Stanza 3). This line expresses the poet's sense of____

a)envy

b)pride

c)pity

d)surprise

**4)**In the last stanza the poet hopes that____

a)he will grow up

b)the tree will remain a friend forever

c)he will go away

d)everything will be changed

**5)**The speaker has come to know of the tree's age from___

a)other people

b)his own observation

c)the rings on its trunk

d)the shape of its trunk and branches

**II. Read the letter given below and answer the questions**

**Dear Anu,**

I hope you are doing well. I wanted to tell you about my visit to the zoo last Sunday. It was a sunny day, and I went with my family. We saw many animals there. My favorite was the big elephant. It was so huge and gentle! We also saw monkeys jumping around, lions resting under the trees, and birds singing beautifully. I enjoyed the day very much.

Do you like animals too? Maybe we can visit the zoo together next time!

Take care and write back soon.

Your friend,

Aisha

**1**. Who wrote the letter?

- a) Anu, who is planning to visit a zoo with her family.
- b) Aisha, who visited the zoo last Sunday and is sharing her experience.
- c) A teacher, who is giving homework about a visit to the zoo.
- d) A zookeeper, describing the animals in the zoo.

**2**. Where did Aisha go last Sunday?

- a) To a park with beautiful flowers and trees where she played all day.
- b) To a zoo with her family, where she saw many different animals.
- c) To the beach, where she built sandcastles and swam in the sea.
- d) To the mountains, where she hiked and enjoyed the fresh air.

**3**. Which animal was Aisha's favourite?

- a) The lion, because it was roaring loudly and looked very strong.
- b) The monkey, because it was swinging from tree to tree and making funny noises.
- c) The elephant, because it was very big, gentle, and impressive.
- d) The bird, because it was singing beautifully and had colorful feathers.

**4**. What were the monkeys doing at the zoo?

- a) They were jumping around from branch to branch, full of energy and fun.
- b) They were sleeping peacefully under the shade of a big tree.
- c) They were eating bananas that the zookeeper gave them.

- d) They were singing along with the birds in the trees.

5. What did Aisha ask Anu at the end of the letter?

- a) To visit the zoo together the next time they get a chance.

- b) To come over to her house for a sleepover next weekend.

- c) To go to the park and play with their friends after school.

- d) To go shopping together for new clothes and toys.

# സോഷ്യൽ സയൻസ്

1. ഒരു വ്യക്തിക്ക് ചർച്ചകളിൽ പങ്കെടുത്ത് നേരിട്ട് അഭിപ്രായം പറയാനുള്ള വേദി ഏത് ?

   a. രാജ്യസഭ
   b. ലോകസഭ
   c. നിയമസഭ
   d. വാർഡ്സഭ

2. സോമുവിന്റെ അച്ഛൻ മത്സ്യ തൊഴിലാളിയാണ് , തീര പ്രദേശത്തു താമസിക്കുന്ന രാമുവിന് കൃഷി  ചെയ്യാനാണു താൽപ്പര്യം. ഏത് കൃഷി രീതിയാണ് രാമുവിന്റെ പ്രദേശത്തു അനുയോജ്യം ?

   a. കുരുമുളക് , ഏലം
   b. തെങ്ങ് ,നെല്ല്
   c. പച്ചക്കറി ,റബ്ബർ
   d. റബ്ബർ , ഇഞ്ചി

3. നാടിന്റെ പൊതു ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് ?

   a. ഗ്രാമപഞ്ചായത്ത്
   b. വില്ലേജ് ഓഫീസ്
   c. പോലീസ് സ്റ്റേഷൻ
   d. അക്ഷയ ഇ കേന്ദ്രം

4. സാമൂഹ്യ ശാസ്ത്ര ക്ലാസ്സിൽ ചരിത്രാതീത കാലത്തെ കുറിച്ചുള്ള പഠനത്തിന് ഉപയോഗിക്കുന്ന സ്രോതസുകളിൽ താഴെ കൊടുത്തവയിൽ ശരിയായ ജോഡി ഏത് ?

   a. ശിലായുധങ്ങൾ , സ്റ്റാമ്പുകൾ
   b. ശിലായുധങ്ങൾ, ഗുഹാചിത്രങ്ങൾ
   c. ശിലായുധങ്ങൾ ,പുസ്തകങ്ങൾ
   d. ശിലായുധങ്ങൾ , നാണയങ്ങൾ

5. സൗരയൂഥത്തിൽ ക്ഷുദ്രഗ്രഹങ്ങളുടെ സ്ഥാനം ?

   a. ബുധനും ശുക്രനുമിടയിൽ
   b. ബുധനും ഭൂമിക്കുമിടയിൽ
   c. ഭൂമിക്കും ചൊവ്വയ്ക്കുമിടയിൽ
   d. ചൊവ്വയ്ക്കും വ്യാഴത്തിനുമിടയിൽ

6. ഭൂമിയിൽ ഒരു സ്ഥലത്തിന്റെ കൃത്യമായ സ്ഥാനം നിർണയിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ് ?

a. അക്ഷാംശ രേഖകളുടെയും രേഖാംശ രേഖകളുടെയും അടിസ്ഥാനത്തിൽ
b. അക്ഷാംശ രേഖകളുടെയും ഭൂമധ്യ രേഖകളുടെയും അടിസ്ഥാനത്തിൽ
c. ഉത്തരായാന രേഖയുടെയും ദക്ഷിണായന രേഖയുടെയും അടിസ്ഥാനത്തിൽ
d. രേഖാംശ രേഖയുടെയും ഉത്തരായാന രേഖയുടെയും അടിസ്ഥാനത്തിൽ

7. ഇന്ത്യയിലൂടെ കടന്നു പോകുന്ന പ്രധാന അക്ഷാംശ രേഖകൾ ?

a. ഉത്തരായന രേഖ
b. ദക്ഷിണായന രേഖ
c. ആർട്ടിക് വൃത്തം
d. ഭൂമധ്യ രേഖ

8. സൽത്തനത്ത് കാലത്ത് ഡൽഹി ഭരിച്ച രാജ വംശങ്ങളെ ക്രമപ്പെടുത്തി എഴുതുക ?

a. ഖിൽജി വംശം,മാലൂക്  വംശം, സയ്യിദ് വംശം, ലോധി  വംശം, തുഗ്ലക്ക് വംശം
b. മാലൂക്  വംശം, ഖിൽജി വംശം, ലോധി  വംശം,സയ്യിദ് വംശം, തുഗ്ലക്ക് വംശം
c. മാലൂക്  വംശം, ഖിൽജി വംശം,തുഗ്ലക്ക് വംശം, സയ്യിദ് വംശം, ലോധി വംശം
d. സയ്യിദ് വംശം, തുഗ്ലക്ക് വംശം, ഖിൽജി വംശം,മാലൂക്  വംശം, ലോധി വംശം

9. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭാഗമായുള്ള ദ്വീപുകൾ ഏതെല്ലാം ?

1) മാലി ദ്വീപ് ശ്രീലങ്ക 2) ആൻഡമാൻ ലക്ഷ ദ്വീപ് 3) ശ്രീലങ്ക മലേഷ്യ 4) മാലി ദ്വീപ് ഇൻഡോനേഷ്യ

a. 1 ഉം 3 ഉം ശരി
b. 2 മാത്രം ശരി
c. 1 ഉം 2 ഉം ശരി
d. 4 മാത്രം ശരി

10. നെൽക്കൃഷിയുമായി ബന്ധപ്പെട്ട ശരിയായ ഘട്ടങ്ങൾ ഇതിൽ ഏതാണ് ?

a. കളപറിക്കൽ, വളം ഇടൽ , വിത്തു വിതയ്ക്കൽ, നിലം ഒരുക്കൽ , കൊയ്ത്ത്
b. വിത്തു വിതയ്ക്കൽ, കളപറിക്കൽ,നിലം ഒരുക്കൽ , വളം ഇടൽ , കൊയ്ത്ത്
c. നിലം ഒരുക്കൽ , വിത്തു വിതയ്ക്കൽ,കളപറിക്കൽ, വളം ഇടൽ , കൊയ്ത്ത്
d. നിലം ഒരുക്കൽ , കളപറിക്കൽ,വിത്തു വിതയ്ക്കൽ, വളം ഇടൽ ,കൊയ്ത്ത്

# MATHS

1) അഞ്ച് അക്കമുള്ള ഏറ്റവും ചെറിയ ഒറ്റസംഖ്യയിൽ നിന്നും നാലക്കമുള്ള ഏറ്റവും വലുത് ഇരട്ടസംഖ്യ കുറച്ചാൽ എത്ര കിട്ടും?

A)3 B)6 C)7 D)8

2) $2\frac{1}{2}$ യിൽ എത്ര $\frac{1}{4}$ കളുണ്ട്?

A)5 B)10 C)4 D)6

3) $1-\left[\frac{1}{2}+\frac{1}{4}\right]$ ന് തുല്യമായത് ഏത് ?

A) $\frac{1}{2}$ B) $\frac{1}{8}$ C) $\frac{1}{4}$ D) 0

4) ഒമ്പതിന്റെ ആദ്യത്തെ നാല് ഗുണിതങ്ങളുടെ തുക എത്ര ?

A) 36 B) 45 C) 63 D) 90

5) 6,4,7,3,2 എന്നീ അക്കങ്ങൾ ഉപയോഗിച്ച് അക്കങ്ങൾ ആവർത്തിക്കാതെ എത്ര നാലക്ക സംഖ്യകൾ നിർമ്മിക്കാം ?

A) 64 B) 24 C) 120 D) 40

6) ചുവടെ തന്നിരിക്കുന്ന ഭിന്നസംഖ്യകളിൽ ഏറ്റവും വലുത് ഏത് ?


A) $\frac{3}{4}$ B) $\frac{3}{7}$ C) $\frac{3}{8}$ D) $\frac{1}{2}$

7) ഒരു ടാങ്കിൽ $\frac{1}{4}$ ഭാഗം വെള്ളം ഉണ്ട് 1500 ലിറ്റർ വെള്ളം കൂടി ചേർത്തപ്പോൾ ടാങ്ക് കൃത്യമായി നിറഞ്ഞു ടാങ്കിന്റെ ആകെ ഉള്ളളവ് എന്ത് ?

A)1000 B) 1500 C) 2000 D) 2500

8) ചിത്രത്തിൽ കുത്തനെയും വിലങ്ങനെയും ഉള്ള സംഖ്യകളുടെ തുക തുല്യമാണെങ്കിൽ B സൂചിപ്പിക്കുന്ന സംഖ്യ ഏത് ?

A)10 B) 8 C) 11 D) 9



9. 5,8,9,0,2 എന്നീ അക്കങ്ങൾ ഉപയോഗിച്ച് എഴുതാവുന്ന ഏറ്റവും വലിയ ഒറ്റ സംഖ്യ ഏത്?

A)98205 B) 85209 C)58209 D) 98520

10) ജനസംഖ്യ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ ജനസംഖ്യ കൂടിയതിൽ നിന്നും കുറഞ്ഞതിലേക്ക് ക്രമീകരിക്കുക ?

ഉത്തർപ്രദേശ് -253454054 കേരളം -35704365

ഹരിയാന -37538425 സിക്കിം -574111

A) ഉത്തർപ്രദേശ്, ഹരിയാന,കേരളം, സിക്കിം B) സിക്കിം, കേരളം, ഹരിയാന, **ഉത്തർപ്രദേശ്**,C) ഹരിയാന, കേരളം, ഉത്തർപ്രദേശ്, സിക്കിം, D) ഉത്തർപ്രദേശ്, കേരളം, ഹരിയാന, സിക്കിം

11) ഒരു കിലോ പഞ്ചസാരയ്ക്ക് 40 രൂപയും ഒരു കിലോ തക്കാളിക്ക് 35 രൂപയുമാണ് വില. രാമു മൂന്ന് കിലോ പഞ്ചസാരയും ഒരു കിലോ തക്കായിയും വാങ്ങി 200 രൂപ കടക്കാരന് കൊടുത്താൽ എത്ര രൂപ ബാക്കി കിട്ടും ?

A)100 രൂപ B) 155 രൂപ C)45 രൂപ D) 54 രൂപ

12) 36 ചതുരശ്ര സെന്റീമീറ്റർ പരപ്പളവുള്ള ഒരു സമചതുരത്തിന്റെ വശങ്ങളുടെ അളവ് ഇരട്ടിയായാൽ അതിന്റെ ചുറ്റളവ് എത്ര ?

A) 72 സെന്റീമീറ്റർ B) 48 സെന്റീമീറ്റർ C) 24 സെന്റീമീറ്റർ D) 18 സെന്റീമീറ്റർ

13.1,3,7,15............... എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

A)17 B)30 C) 25 D) 31

14. സ്കൂൾ അസംബ്ലിയിൽ രാജു വരിവരിയായി നിൽക്കുന്നു.മുന്നിൽനിന്ന് പിന്നോട്ട് എണ്ണിയാൽ രാജു പത്താമതും പിന്നിൽ നിന്ന് മുന്നോട്ട് എണ്ണിയാൽ രാജു പതിനഞ്ചാമതും എങ്കിൽ ആ വരിയിൽ എത്ര കുട്ടികളുണ്ടാകും ?

A)23 B)24 C) 25 D) 5

15. രാവിലെ 9:40 ന് തിരുവനന്തപുരത്തു നിന്ന് പുറപ്പെടുന്ന ഒരു ട്രെയിൻ അന്നേ ദിവസം 5 :20 ന് കണ്ണൂരിൽ എത്തുന്നു.യാത്രയ്ക്ക് എടുത്ത സമയം എത്ര ?

A) 7 മണിക്കൂർ 40 മിനുട്ട്

B) 7 മണിക്കൂർ 40 മിനുട്ട്

C) 7 മണിക്കൂർ 40 മിനുട്ട്

D) 7 മണിക്കൂർ 40 മിനുട്ട്

# യു പി അടിസ്ഥാന ശാസ്ത്രം

1. ഹണി ക്ലാസ്മുറിയിൽ നിന്ന് ഫാനിന്റെ സ്വിച്ച് ഓൺ ചെയ്തപ്പോൾ വൈദ്യുതാഘാതമേറ്റു. ഇതു കണ്ടു നിന്ന താരയുടെ സമയബന്ധിതമായ ഇടപെടൽ കാരണം ഹണി രക്ഷപ്പെട്ടു. എങ്കിൽ എന്തായിരിക്കാം താരചെയ്തത്?

   a) കൃത്രിമശ്വാസം നൽകി
   b) കൈകൊണ്ട്ആളെതള്ളിമാറ്റി
   c) വൈദ്യുതിബന്ധംവിച്ഛേദിച്ചു
   d) KSEB ഓഫീസിൽവിളിച്ചു.

2. ഗോയിറ്റർ എന്ന രോഗത്തെ തടയാനായി അയഡിൻ ചേർത്ത ഉപ്പ് കഴിക്കുന്നു. എന്നാൽ ക്യാഷിയോർക്കർ എന്ന രോഗത്തെ തടയാൻ താഴെ കൊടുത്തവയിൽ ഏത് തരം ഭക്ഷണം കഴിക്കണം?

   a) ഗോതമ്പ്
   b) കപ്പ
   c) പയർ
   d) ഇലക്കറികൾ

3. മൂടില്ലാത്താളിയുമായി ബന്ധപ്പെട്ട നാലു പ്രസ്താവനകളാണ് ചുവടെ നൽകിയിരിക്കുന്നത്.

   1. ഒരു പൂർണ്ണ പരാദമാണ്.
   2. ഒരുഅർദ്ധ പരാദമാണ്.
   3. സസ്യങ്ങൾ നിർമ്മിച്ച ആഹാരം നേരിട്ട്വലിച്ചെടുക്കുന്നു.
   4. ഹരിതകമുള്ളഇലകൾകാണപ്പെടുന്നു.


   മുകളിൽ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതാണ്?

   a) 1, 4
   b) 1, 3
   c) 2, 3
   d) ഇവയെല്ലാം

4. ഒരു പൂവിൽ നിന്ന് ഒന്നിലധികം ഫലങ്ങൾ ഉണ്ടാകുന്നു. ഇതിനെ പുഞ്ജഫലം എന്ന് പറയുന്നു. എങ്കിൽ താഴെ തന്നിരിക്കുന്നവയിൽ പുഞ്ജഫലത്തിന് ഉദാഹരണം കണ്ടെത്തുക.

   a) കൈതച്ചക്ക
   b) മൾബറി
   c) സീതപ്പഴം
   d) സ്ട്രോബറി

5.




ചന്ദ്രഗ്രഹണത്തിന്റെ ചിത്രമാണ് മുകളിൽ നൽകിയിരിക്കുന്നത്. എങ്കിൽ സൂര്യഗ്രഹണം നടക്കുമ്പോൾ ചന്ദ്രൻ, ഭൂമി, സൂര്യൻ ഇവയുടെ സ്ഥാനം എങ്ങനെ ആയിരിക്കും?

a)ചന്ദ്രന്റെയുംസൂര്യന്റെയുംഇടയിൽ ഭൂമി.

b)ചന്ദ്രന്റെയുംഭൂമിയുടെയുംഇടയിൽ സൂര്യൻ

c)സൂര്യന്റെയും ഭൂമിയുടെയുംഇടയിൽ ചന്ദ്രൻ

d)ചന്ദ്രന്റെയുംസൂര്യന്റെയുംഇടയിൽശുക്രൻ

6.പല നിറത്തിലുള്ള സസ്യങ്ങൾ കണ്ടിരിക്കുമല്ലോ? സസ്യങ്ങൾക്ക് ഓറഞ്ച് നിറം നൽകുന്ന വർണകം ഏത്?

a)ആന്തോസയാനിൻ

b)കരോട്ടിൻ

c)സന്തോഫിൽ

d)ക്ലോറോഫിൽ

7. പൂവിന്റെ വിവിധ ഭാഗങ്ങൾ ക്ലാസിൽ പരിചയപ്പെട്ടു കാണുമല്ലോ? മൊട്ടായിരിക്കുമ്പോൾ പൂവിനെ സംരക്ഷിക്കുന്നതും വിരിഞ്ഞതിനുശേഷം ദളങ്ങളെ താങ്ങി നിർത്തുന്നതുമായ പൂവിന്റെ ഭാഗം താഴെതന്നിരിക്കുന്നവയിൽ ഏതാണ്?

a) വിദളം
b) ദളം
c) പൂഞെട്ട്
d) പുഷ്പാസനം

8. സസ്യകോശത്തെയും ജന്തുകോശത്തെയും പരിചയപ്പെട്ടല്ലോ. താഴെതന്നിരിക്കുന്ന വയിൽ ജന്തുകോശങ്ങളിൽ പെടാത്തവ ഏതാണ്?

1. കോശഭിത്തി.
2. കോശസ്തരം.
3. ഹരിതകം.
4. ഫേനം.

   a) 2, 4

   b) 1, 3

   c) 3, 4

   d) 1, 2

9. അരുണിന് മങ്ങിയ പ്രകാശത്തിൽ കാഴ്ചക്കുറവ് അനുഭവപ്പെടുന്നു. ഡോക്ടറിനെ കാണിച്ചപ്പോൾ നിശാന്ധത ആണെന്ന് പറഞ്ഞു. അങ്ങനെയെങ്കിൽ അരുണിന് താഴെപറയുന്ന ഏത് വിറ്റാമിന്റെ അപര്യാപ്തതയായിരിക്കാം?

   a) വിറ്റമിൻ ഡി

   b) വിറ്റമിൻ സി

   c) വിറ്റമിൻ എ

   d) വിറ്റമിൻ കെ

10. രേഷ്മ തയ്യൽ മെഷീനിൽ തന്റെ ഉടുപ്പ് തുന്നുകയാണ്. ഒരേ സമയം തയ്യൽ മെഷീനിലെ പലഭാഗങ്ങളും ചലിക്കുന്നുണ്ട്. ഒപ്പം തന്റെ പാദങ്ങളും . താഴെതന്നിരിക്കുന്നവയിൽ രേഷ്മയുടെ പാദങ്ങളുടെ ചലനം ഏത് തരം ചലനത്തിൽവരുന്നു.

   a) വർത്തുള ചലനം

   b) നേർരേഖാചലനം

   c) ദോലനം

   d) ഭ്രമണം

## മലയാളം

**താഴെ കൊടുത്തിരിക്കുന്ന കഥാഭാഗം വായിച്ച് 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ അടയാളപ്പെടുത്തുക.**

വയനാടൻ മലനിരകളിൽ കോടമലിഞ്ഞു. കുളിർ കാറ്റടങ്ങി. മരപ്പച്ചകൾ തെളിഞ്ഞു തുടങ്ങി. ആകാശചെരിവുകളിൽ വെള്ളിയോടങ്ങൾ നീന്തിക്കളിച്ചു. തളിയിക്കരത്തമ്പുരാന്റെ പടയോട്ടത്തിൽ തകർന്ന പൂതത്താർകല്ലിലെ കോട്ട പുതുക്കി പണിത് വെളിയമ്പം കുഞ്ചാരൻ മടങ്ങി. ആനക്കുളം നികത്തി അവിടെ കോട്ട പണിതു. ആചാരങ്ങളോടെ ആദികുറുമ ദൈവത്തെ കോട്ടയിൽ കുടിയിരുത്തി. കോട്ടയിൽ തിരിച്ചെത്തിയ കുഞ്ചാരനെ സ്വീകരിക്കാനെത്തിയത് മരുമകൾ കുഞ്ഞുത്താലു. അവൾ കോട്ടയിൽ കാലങ്ങൾക്കുശേഷം എത്തിയതാണ്. അതോടെ കുഞ്ചാരന്റെ മനസ് ആനന്ദത്താൽ നിറഞ്ഞു. എന്നെ മറന്നോ കൊരുങ്ങി എന്ന് കുഞ്ചാരൻ ചോദിച്ചപ്പോൾ 'ഞരമ്പിലോടുന്ന ചോര മറക്കാൻ കഴിയ്യോ അമ്മാവാ' എന്ന് അവൾ മറുപടി പറഞ്ഞു. തുടർന്ന് അവൻ മുഖം കഴുകി ഉന്മേഷത്തോടെ ഒരിടത്തിരുന്നു.

1. വെള്ളിയോടങ്ങൾ നീന്തികളിച്ചതെവിടെ?
   a) മലനിരകളിൽ
   b) ആകാശച്ചെരുവുകളിൽ
   c) മരുപ്പച്ചകളിൽ
   d) പൂതത്താർ കോട്ടയിൽ
2. മലനിരകളിൽ തെളിഞ്ഞുതുടങ്ങിയതെന്താണ്?
   a) മരപ്പച്ചകൾ
   b) കുളിർ കാറ്റ്
   c) ആകാശം
   d) ആനക്കുളം
3. കുഞ്ചാരന്റെ മനസ് സന്തോഷത്താൽ നിറഞ്ഞത്?
   a) കോട്ടപണിതപ്പോൾ
   b) കുളിർ കാറ്റ് വന്നപ്പോൾ
   c) ചോര ഞരമ്പിലൂടെ ഓടിയപ്പോൾ
   d) കുഞ്ഞുത്താലുവിനെ കണ്ടപ്പോൾ

4. മുഖം എന്നതിന് പകരം കൊടുക്കാവുന്ന പദമേത്?

a) ദർപ്പണം

b) അശ്രു

c) വക്ത്രം

d) കർണ്ണം

5. ഞരമ്പിലോടുന്ന ചോര മറക്കാൻ കഴിയ്യോ? എന്നതിലൂടെ മനസ്സിലാകുന്നതെന്ത്?

a) കുടുംബ ബന്ധത്തിന്റെ ആഴം

b) ചോര ഞരമ്പുകളിലൂടെ ഒഴുകുന്നത്

c) മരപ്പച്ചകൾ പടർന്ന് പന്തലിച്ചത്

d) ആദി കുറുമ ദൈവത്തെ കുടിയിരുത്തിയത്

**താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് 6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ അടയാളപ്പെടുത്തുക.**

## ഞാറ്റുവേലപ്പൂക്കൾ

ഞാറ്റുവേലയിൽക്കുളിച്ചീറനും ധരിച്ചെന്റെ
നാട്ടിലേക്കിറങ്ങിയ പുഷ്പകന്യകമാരേ,
മത്തയിൽ , പ്പടവലവള്ളിയിൽ , കുമ്പളത്തി -
ലിത്തപം നിങ്ങൾ ചെയ്കെത്തുടിപ്പുമ്മചിത്തം.
ഇടവക്കരിങ്കാറിൻ പൊത്തിൽനിന്നിറങ്ങിയ
കൊടിയ വെള്ളപ്പൊക്കം വെമ്പാലപ്പാമ്പിനൊപ്പം
ചുറ്റിയും , അംഗങ്ങളിൽക്കൊത്തിയുമെൻ നാടിന്റെ
സപ്തനാഡിയും മൃതപ്രായമാക്കിയ നേരം.
എല്ലു പൊന്തിയ ചെറ്റക്കുടിലിൻ ചളിപ്പായി-
ലില്ലായ്മ കിനാക്കണ്ടു കൃഷിക്കാർ കിടന്നപ്പോൾ
നാളത്തെസ്സമൃദ്ധിതനാകീയ വാഗ്ദാനങ്ങൾ
നീളവേ നിശ്ശബ്ദമായുദ്ഘോഷിച്ചെത്തീ നിങ്ങൾ!
നിങ്ങളെയീവേളയിൽ കാണുമ്പോളൊളിയറ്റു
മങ്ങുന്നുമുല്ലപ്പൂവും റോജയും മന്ദാരവും !

പി ഭാസ്കരൻ

6. ഞാറ്റു വേലയിൽക്കുളിച്ചീറനും ധരിച്ച് നാട്ടിലേയ്ക്കിറങ്ങിയത് ആരാണ് ?

a) വെള്ളപ്പൊക്കം

b) പുഷ്പകന്യകമാർ

c) കൃഷിക്കാർ

d) നാട്

7. 'മനസ്' എന്നതിനുപകരം കവിതയിൽ ഉപയോഗിച്ച പദം ഏത് ?

a) തപം.

b) ചിത്തം.

c) കിനാവ്.

d) ഒളി.

8. കൊടിയ വെള്ളപ്പൊക്കത്തെ കവി എന്തിനോടാണ് സാമ്യപ്പെടുത്തിയിരിക്കുന്നത് ?

a) ഇടവക്കറികാറിനോട്

b) ചെറ്റക്കുടിലിനോട്

c) വെമ്പാലപ്പാമ്പിനോട്

d) പുഷ്പകന്യകമാരോട്

9. നിശബ്ദമായി ഉദ്ഘോഷിച്ചത് എന്തായിരുന്നു ?

a) ഇല്ലായ്മ

b) നാളത്തെ സമൃദ്ധി

c) ഒളിമങ്ങിയത്

d) സ്വപ്നം കണ്ടത്

10. കൊടിയ വെള്ളപ്പൊക്കം........മൃതപ്രായമാക്കിയനേരം ഈ വരിയിലെ ആശയം എന്ത് ?

a) വെള്ളപ്പൊക്കത്തിൽ നാടിനുണ്ടായ നാശനഷ്ടങ്ങൾ

b) വെള്ളപ്പൊക്കത്തിന്റെ ഒഴുക്ക്

c) വെള്ളപ്പൊക്കം പാമ്പിനെപ്പോലെയാണ്

d) വെള്ളപ്പൊക്കം പൊത്തിൽ നിന്നാണ് വന്നത്